Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ:ഷീബ ജോർജ്ജ്.ഐ.എ.എസ്)

ഉത്തരവ് നം.SJD/2451/2020 E1

തിരുവനന്തപുരം,
തീയതി. 04/05/2021

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം- ശ്രീമതി.ജി.ശശികല- സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് - ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ 43400-91200 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സാമൂഹ്യനീതി ഡയറക്ടറുടെ 27/04/2020 ലെ SJD/961/2020-E9 നം നടപടിക്രമങ്ങൾ

സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീമതി.മേരി.കെ.ജെ 29.04.2021 മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിക്കുകയുണ്ടായി. ജീവനക്കാരി പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. പരാമർശം പ്രകാരം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 2 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും നിലവിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ജോലി നോക്കി വരുന്നതുമായ ശ്രീമതി.ജി.ശശികലയ്ക്ക് ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കി വരുന്ന ശ്രീമതി .ജി.ശശികലയ്ക്ക് കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 (എ) 1 പ്രകാരം 43400-91200 രൂപ ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ശ്രീമതി.ജി.ശശികല
സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
സാമൂഹ്യനീതി ഡയറക്ടറേറ്റ്

<u>പകർപ്പ് :</u>

1. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
2. സൂപ്രണ്ട് ബിൽസെക്ഷൻ
3. ട്രഷറി ഓഫീസർ, സബ് ട്രഷറി വികാസ് ഭവൻ
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
(signature)
സൂപ്രണ്ട്